**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2525** **21-01-2021 - ൽ മറുപടിയ്ക്ക്**

**വർക്കലയിൽ വൈദ്യുതി വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ജോയി | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളെ സംബന്ധിച്ച് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വർക്കല നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ താഴെപ്പറയുന്ന വയാണ്. ഗ്രാമ പ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ DDUGJY പദ്ധതിയിൽ ഉൾപ്പെടുത്തി 370.94 ലക്ഷം രൂപയുടെ പ്രവൃത്തികളും, നഗരപ്രദേശങ്ങളിലെ വൈദ്യുതി മേഖലയുടെ ഗുണമേന്മ വർധിപ്പിക്കു ന്നതിനും ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനും നടപ്പിലാക്കിയ IPDS പദ്ധതിയിൽ ഉൾപ്പെടുത്തി 606.86 ലക്ഷം രൂപയുടെ പ്രവൃത്തികളും, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ സഹായത്തോടു കൂടി നടത്തുന്ന PPS പദ്ധതിയിൽ ഉൾപ്പെടുത്തി 135.82ലക്ഷം രൂപയുടെ പ്രവൃത്തികളും, മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി 59.42ലക്ഷം രൂപയുടെ പ്രവൃത്തികളും, KIIFBI പദ്ധതിയിൽ ഉൾപ്പെടുത്തി എച്ച് ടി /എൽ ടി ലൈനുകളുടെ ഷിഫ്റ്റിംഗുമായി ബന്ധപ്പെട്ട 2.54 ലക്ഷം രൂപയുടെ പ്രവൃത്തികളും, സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 16.3 ലക്ഷം രൂപയുടെ പ്രവൃത്തികളും, MLA യുടെ പ്രത്യേക വികസന ഫണ്ടിൽ ഉൾപ്പെടുത്തി 4.06 ലക്ഷം രൂപയുടെ പ്രവൃത്തികളും, ആഗോള നിലവാരത്തിലുള്ളതും, തടസ്സരഹിത മായതും, ഗുണമേന്മയേറിയതും, അപകടരഹിത വുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ KSEBL ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന 'ദ്യുതി 2021'ൽ ഉൾപ്പെടുത്തി 812.64ലക്ഷം രൂപയുടെ പ്രവൃത്തികളും ഉൾപ്പെടെ ആകെ 2008.57 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | വർക്കല മണ്ഡലത്തിൽ വികസനപ്രവർത്തനങ്ങൾക്കായി വൈദ്യുതി വകുപ്പ് | (ബി) | 2 പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും, 8പഴയ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുകയും, 10 കിലോ |

| | | | |
|---|---|---|---|
| | എത്ര ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | | മീറ്റർ പുതിയ 11 കെ വി ലൈൻ നിർമിക്കുകയും, 9 കിലോ മീറ്റർ പുതിയ എൽ ടി ലൈൻ നിർമിക്കുകയും, മറ്റ അനുബന്ധ ജോലികളും ഉൾപ്പെട്ട ദ്യുതി പദ്ധതികൾക്കായി 1184.1 ലക്ഷം രൂപയുടെ പ്രവൃത്തികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഫണ്ട് അനുവദിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ